രാമവമ്മതമ്പുരാൻ.—ഉവ്വ്. പള്ളിപ്പുറം കടലോരത്തു് അധഃകൃതക്കുവേണ്ടി തിരിച്ചു വെച്ചിട്ടുള്ള പുറമ്പോക്കു സ്ഥലം സന്ദർശിയ്ക്കുവാനും അവിടെ ഒരു കോളനി സ്ഥാപിയ്ക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭവേലകളെപ്പറ്റി ആലോചിപ്പാനും വേണ്ടി.

Resolution passed at the Depressed Classes Conference at Trichur.

154. മിസ്റ്റർ കെ. പി. വള്ളോൻ.—ഇപ്പോൾ തൃശിവപേരൂർ സർക്കാർ ഹൈസ്കൂളിൽവെച്ചു വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ അധഃകൃത സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട—അനീതിപരമായ സംരക്ഷണത്തിൽനിന്നും; സംരക്ഷകനിൽനിന്നും അധഃകൃതരെ രക്ഷിയ്ക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ടു പാസ്സാക്കപ്പെട്ട—പ്രമേയത്തിന്റെ ഒരു നേർ കോപ്പി ഈ മേശപ്പുറത്തു വെക്കുമോ?

രാമവമ്മതമ്പുരാൻ ടി പ്രമേയത്തിന്റെ പകർപ്പു് അനുബന്ധമായി ചേർത്തിട്ടുണ്ടു്. (*Appendix XIII*).

Action on applications from Depressed Classes for appointment.

155. (a) മിസ്റ്റർ കെ. പി. വള്ളോൻ.—മിസ്റ്റർ കെ. പി. കറുപ്പൻ ഉപസംരക്ഷകനായിരുന്നപ്പോൾ സംരക്ഷണാപ്പീസ്സിൽ കൊടകരക്കാരൻ ഓപ്പൻ എന്നും, പെരുമാനൂർക്കാരൻ കണ്ട എന്നും രണ്ടു അധഃകൃതർ വല്ല ജോലിയിലും പകരം നോക്കീട്ടുണ്ടോ;

(b) ടിയാന്മാർ സംരക്ഷണാപ്പീസ്സിൽ ജോലിയ്ക്കായി ഇപ്പോഴത്തെ സംരക്ഷകന്റെ അടുക്കൽ എത്ര അപേക്ഷകൾ കൊടുത്തിട്ടുണ്ടു്;

(c) ടി അപേക്ഷകളെ സംബന്ധിച്ചു എന്തു് ചെയ്തു?

രാമവമ്മതമ്പുരാൻ.—(a) ഉവ്വ്. അവർ മാപായിപ്പണി പകരം നോക്കിയിരുന്നു.

(b) & (c) അവരുടെ അപേക്ഷകൾ കിട്ടീട്ടുണ്ടു്. എന്നാൽ ഓപ്പൻ എന്ന പുലയൻ ഇപ്പോൾ തൃ. ടി. സ്കൂളിൽ ചേർന്നു സർക്കാർ ചിലവിന്മേൽ പഠിച്ചുവരികയും, ഒടുവിൽ ടിയാനു ഫോറസ്റ്റ് കൺസർവേറ്റർ ആപ്പീസ്സിൽ ഒരു വാച്ചരുടെ ഉദ്യോഗം സിദ്ധിക്കുകയും ചെയ്തിട്ടുണ്ടു്. കണ്ട എന്ന പുലയന്റെ കാര്യവും ഒഴിവു വരുമ്പോൾ ആലോചിക്കുന്നതാണെന്നു് അറിയിച്ചിട്ടുണ്ടു്.

Tours of the Protector of Depressed Classes during the sitting of the budget session of the Council.

156. മിസ്റ്റർ കെ. പി. വള്ളോൻ.—കഴിഞ്ഞ ബഡ്ജറ്റ് നിയമസഭാ സമ്മേളന ദിനങ്ങളിൽ അധഃകൃത സംരക്ഷകന്റെ

LIBRARY ARCHIVES Kerala Legislative Assembly

കമ്പ് എവിടെയായിരുന്നുവെന്നും എവിടെയെല്ലാം സക്കിട്ടു പോയിരുന്നുവെന്നും സംരക്ഷണ ഡിപ്പാർട്ട്മെണ്ടിന്റെ എന്തൊവശ്യങ്ങൾക്കു വേണ്ടിയായിരുന്നുവെന്നും ഗവൺമെണ്ടിൽനിന്നും ഭയവായി മറുപടി പറയുമോ?

രാമവർമ്മതമ്പുരാൻ.—അധഃകൃത സംരക്ഷകന്റെ ഫ്രാഞ്ചകക്കടകം ഫ്രാ-ാംനു- മുതൽ ഫ്രാ-ാംനു- വരെയുള്ള ഡയറിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. (*Appendix XIV*).

Powers of wardens in the Department of the Protector of the Depressed Classes.

157. മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷണ ഡിപ്പാർട്ട്മെണ്ടിൽനിന്നും നിയമിയ്ക്കപ്പെടുന്ന വാർഡന്മാർക്ക് എന്തെല്ലാം അധികാരങ്ങളുണ്ട്?

രാമവർമ്മതമ്പുരാൻ.—കോളനികളിൽ താമസിക്കുന്ന അധഃകൃതരുടെ സംരക്ഷണത്തെ ഉദ്ദേശിച്ചു ഡിപ്പാർട്ട്മെണ്ടിൽനിന്നും അയക്കുന്ന കല്പനയനുസരിച്ചു പ്രവൃത്തിക്കുക. ഇതിൽ കൂടുതലായ അധികാരങ്ങളൊന്നും അവർക്കില്ല.

Action on complaint of ill-treatment of Depressed Classes.

158. മിസ്റ്റർ കെ. പി. വള്ളോൻ.—(എ) മാള കുന്നത്തുകാട് എന്ന സ്ഥലത്തു താമസിക്കുന്ന ഒരു അധഃകൃതനെ സ്ഥലത്തെ ഏതാനും മുഷ്ണന്മാർകൂടി മരണപ്പെടുത്തത്തക്ക വിധത്തിൽ ദേഹോപദ്രവംചെയ്തവിവരം പോലീസിനെ അറിയിച്ചതിൽ ടി മുഷ്ണന്മാരുടെമേൽ എന്തു നടപടി നടത്തീട്ടുണ്ട്;

(ബി) മേൽപ്പറഞ്ഞ അധഃകൃതനെ ഇരിങ്ങാലക്കുട ആശുപത്രിയിൽനിന്നും സുഖപ്പെടാതെ പോരുവെട്ടി അയക്കുവാനുള്ള കാരണമെന്തു?

രാമവർമ്മ തമ്പുരാൻ.—(എ) മരണപ്പെടുത്തത്തക്കവിധത്തിൽ ഒരു അധഃകൃതനെ യാതൊരു ദേഹോപദ്രവം ഏല്പിച്ചതായി പോലീസിനെ അറിയിച്ചിട്ടില്ല. എന്നാൽ കുന്നത്തുകാട്ടു പറമ്പിൽ താമസിക്കും പുലയൻ ചക്കൻ എന്ന ആൾ മാള ഔട്ട്പോസ്റ്റിൽ ചെന്നു തന്നെ രണ്ടുപേർ ചേർന്നു താൻ കള്ള് കളവായി ഉൗറ്റുകുടിക്കുന്നവനല്ലേ എന്നു ചോദിച്ചു കൈകൊണ്ടു അടിച്ചു എന്നു അവലാതി പറയുകയുണ്ടായിട്ടുണ്ട്. ഔട്ട്പോസ്റ്റിൽ ഹാജരുണ്ടായിരുന്ന കാൺസ്റ്റബിൾ ടിയാനെ ഇരിങ്ങാലക്കുട സ്റ്റേഷനിൽചെന്നു അവലാതി ബോധിപ്പിക്കുവാൻ നിശ്ചയപ്രകാരം ഉപദേശിച്ചയച്ചു. അധഃകൃതൻ അപ്രകാരം ചെയ്യാതെ മജിസ്ട്രേട്ട കോടതിയിൽ നേരിട്ടു ഒരു ഹർജി ബോധിപ്പിച്ചു. അതു പോലീസു അന്വേഷിക്കുക

LIBRARY ARCHIVES Kerala Legislative Assembly